**15 –ാം കേരള നിയമസഭ**

**16 –ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 722** **28-01-2026 - ൽ മറുപടിയ്ക്ക്**

**മലപ്പുറം പാക്കേജിന്റെ പുരോഗതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. ഉബൈദുള്ള</td><td colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മലപ്പുറം ജില്ലയിലെ വൈദ്യുത വിതരണ മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് സർക്കാർ പ്രഖ്യാപിച്ച മലപ്പുറം പാക്കേജിന്റെ പുരോഗതികൾ വെളിപ്പെടുത്താമോ;</td><td>(എ)</td><td>2024-2025 വർഷത്തെ വർക്കുകൾ മലപ്പുറത്തെ മൂന്ന് ഇലക്ട്രിക്കൽ സർക്കിളുകളിലായി വിവിധ പാക്കേജുകൾ രൂപീകരിച്ച് ടേൺ കീ അടിസ്ഥാനത്തിൽ കരാർ നൽകുന്നതിന് വേണ്ടിയിട്ടുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>2025-26, 2026-27 തുടങ്ങിയ വർഷങ്ങളിലെ പ്രവൃത്തികൾ നിലവിലെ സാഹചര്യത്തിൽ വർക്കുകൾ പൂർത്തീകരിക്കുന്നതിന് വേണ്ടി സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ 20.12.2025 ബോർഡ് ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചിട്ടുണ്ട്</td></tr>
<tr><td>(ബി)</td><td>പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല - ദീർഘകാല പദ്ധതികളുടെ വിശദാംശം നൽകാമോ;</td><td>(ബി)</td><td>കേരളത്തിലെ വിതരണ രംഗം ശക്തിപ്പെടുത്തുന്നതിനും കാലഘട്ടത്തിന്റെ അവസരങ്ങൾ ഉപയോഗപ്പെടുത്തു ന്നതിനും തയ്യാറാക്കിയ ഒരു പദ്ധതിയാണ് ദ്യുതി 2.0. 24 മണിക്കൂറും തടസ്സരഹിതമായി താങ്ങാവുന്ന വിലയിൽ എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുക എന്ന പ്രാഥമിക ഉദ്ദേശ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് ദ്യുതി. 2016 ൽ ആരംഭിച്ച് 2021 ൽ പൂർത്തീകരിച്ച ദ്യുതി 1.0 ന്റെ തുടർച്ചയാണ് ദ്യുതി 2.0. ഇതിന്റെ കാലാവധി 2022 -2027 ആണ്.<br><br>വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>
<table>
<tr><th colspan="2">ദ്യുതി 2.0.</th></tr>
<tr><td>Year</td><td>DPR Amount<br>Rs.Cr</td></tr>
<tr><td>2022-23</td><td>568.88</td></tr>
<tr><td>2023-24</td><td>584.21</td></tr>
<tr><td>2024-25</td><td>803.47</td></tr>
<tr><td>2025-26</td><td>1431.93</td></tr>
<tr><td>2026-27</td><td>1328.20</td></tr>
<tr><td>Total</td><td>4716.69</td></tr>
</table>
<br>വ്യവസായവൽക്കരണം, ഗതാഗതം അടക്കമുള്ള മേഖലകളിലെ വൈദ്യുത ഊർജ്ജത്തിലേക്കുള്ള മാറ്റം തുടങ്ങിയവ 2021-ൽ ആസൂത്രണം ചെയ്ത ഈ പദ്ധതി കേരളത്തിലെ ചില പ്രദേശങ്ങളിലെ ഊർജ്ജാ ആവശ്യകത നിറവേറ്റാൻ</td></tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
പര്യാപ്തമല്ലാത്ത സ്ഥിതി വിശേഷം ഉണ്ടാക്കി. പ്രധാനമായിട്ടും മൂന്നു ജില്ലകളാണ് ഇങ്ങനെ കണ്ടെത്തിയത്. കാസർഗോഡ്, മലപ്പുറം, ഇടുക്കി തുടങ്ങിയവയാണ് ഈ ജില്ലകൾ. ഈ ജില്ലകൾക്കായി ദ്യുതി 2.0 യിൽ 1023.04 കോടിയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ അംഗീകാരം നൽകുകയുണ്ടായി.<br><br>
ഈ പദ്ധതി ഹ്രസ്വ ദീർഘകാല പദ്ധതി എന്നുള്ള നിലയിൽ അല്ല വിഭാവനം ചെയ്തത്. 2024-25-ൽ തുടങ്ങി മൂന്ന് വർഷം കൊണ്ട് തീർക്കേണ്ട ഒരു പദ്ധതിയായിട്ടാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>
ദ്യുതി 2.0 സ്പെഷ്യൽ പാക്കേജ് - മലപ്പുറം.<br><br>
<table>
<tr><th>Electrical Circle</th><th>24-25 (Amount in Crores)</th><th>25-26 (Amount in Crores)</th><th>26-27 (Amount in Crores)</th><th>Total (Amount in Crores)</th></tr>
<tr><td>Tirur</td><td>103.42</td><td>88.97</td><td>65.13</td><td>257.52</td></tr>
<tr><td>Manjeri</td><td>76.52</td><td>36.71</td><td>-</td><td>113.23</td></tr>
<tr><td>Nilambur</td><td>23.74</td><td>16.44</td><td>-</td><td>40.18</td></tr>
<tr><td colspan="4">Total</td><td>410.93</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>ജില്ല നേരിടുന്ന വോൾട്ടേജ് ക്ഷാമം, അടിക്കടിയുള്ള വൈദ്യുതി തടസ്സങ്ങൾ എന്നിവയ്ക്ക് ശാശ്വതമായ പരിഹാരമാവാൻ പാക്കേജിലൂടെ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ;</td>
<td>(സി)</td>
<td>വിതരണ രംഗത്ത് ജില്ല ഇന്ന് നേരിടുന്ന വോൾട്ടേജ് ക്ഷാമം, അടിക്കടിയുള്ള വൈദ്യുതി തടസ്സങ്ങൾ തുടങ്ങിയവയ്ക്ക് ശാശ്വതമായ പരിഹാരം കാണുന്ന രീതിയിലാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. എന്നാൽ നവകേരളത്തിന്റെ ഭാഗമായി വികസിച്ചുകൊണ്ടിരിക്കുന്ന വ്യവസായവൽക്കരണം. ടൂറിസം, ട്രാൻസ്പോർട്ടേഷൻ, റോഡ് നിർമ്മാണം, ആരോഗ്യ മേഖല തുടങ്ങിയ മേഖലയിൽ ഉണ്ടാകുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി വിതരണ രംഗത്തും തുടർ പ്രവർത്തനം ഉണ്ടാകേണ്ടതുണ്ട്.</td>
</tr>
<tr>
<td>(ഡി)</td>
<td>പാക്കേജിലെ വിവിധ പദ്ധതികൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ടോ; പാക്കേജ് പരിപൂർണ്ണമായും എന്നത്തേക്ക് യാഥാർത്ഥ്യമാകും എന്ന് വ്യക്തമാക്കാമോ?</td>
<td>(ഡി)</td>
<td>സംസ്ഥാനത്ത് ഏത് ജില്ല എടുത്താലും വിതരണ രംഗത്ത് ധാരാളം നവീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത കാണുവാൻ കഴിയും. എന്നാൽ ഉത്തരം ബി യിൽ വിശദീകരിച്ചിരിക്കുന്ന കാരണങ്ങൾ പരിഗണിച്ച് മലപ്പുറം അടക്കമുള്ള ജില്ലകൾക്ക് കെ.എസ്.ഇ.ബി.എൽ ഒരു സ്പെഷ്യൽ പാക്കേജ് രൂപീകരിക്കുകയാണ് ഉണ്ടായത്. മലപ്പുറത്ത് അടിയന്തിരമായി ചെയ്യേണ്ട ജോലികളുടെ മുൻഗണനാക്രമം തയ്യാറാക്കിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പാക്കേജ് പൂർത്തീകരിക്കാൻ നിശ്ചയിച്ചിരിക്കുന്ന തീയതി 31 മാർച്ച് 2027 ആണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

അനുബന്ധം.

മലപ്പുറം സെപ്ഷ്യൽ പാക്കേജ് 24-25 - നിലമ്പൂർ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | കരാറിന്റെ അടങ്കൽ തുക | മണ്ഡലം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | വെണ്ണേക്കോട് മുതൽ കക്കാടംപൊയിൽ ഫോറസ്റ്റ് ഔട്ട്പോസ്റ്റ് വരെയുള്ള ചാലിയാർ ഫീഡർ റീകണ്ടക്ടർ ചെയ്യുന്നു-ഇഎസ് അകമ്പാടത്തിന് കീഴിൽ ടേൺകീ അടിസ്ഥാനത്തിൽ HT ABC (ദ്യുതി സ്പെഷ്യൽ) ലൈൻ വലിക്കലും വൈദ്യുതി വിതരണവും . | 13474606 | നിലമ്പൂർ | പുനർ ദർഘാസ് വിളിച്ചെങ്കിലും ആരും എടുത്തിട്ടില്ല |
| 2 | നിലമ്പൂരിലെ ES നിലമ്പൂരിൻ്റെ കീഴിൽ ടേൺകീ അടിസ്ഥാനത്തിൽ 110KV നിലമ്പൂരിൽ നിന്ന് വടപുരം മിൽമയിലേക്ക് (ദ്യുതി സ്പെഷ്യൽ) കവർഡ് കണ്ടക്ടറുള്ള എച്ച്ടി ലൈൻ വലിക്കലും വൈദ്യുതി വിതരണവും . | 12158011 | നിലമ്പൂർ | ദർഘാസ് തുറന്നു, സാങ്കേതിക വിലയിരുത്തൽ പുരോഗമിക്കുന്നു. |
| 3 | ഇ.സി. നിലമ്പൂരിനു കീഴിൽ TURNKEY അടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറുകളുടെ വിതരണവും സ്ഥാപിക്കലും | 27655063 | നിലമ്പൂർ വണ്ടൂർ | ദർഘാസ് തുറന്നു, സാങ്കേതിക വിലയിരുത്തൽ പുരോഗമിക്കുന്നു. |
| 4 | EC നിലമ്പൂരിന് കീഴിൽ TURNKEY അടിസ്ഥാനത്തിൽ HT ABC & ട്രാൻസ്ഫോർമറുകളുടെ വിതരണവും സ്ഥാപിക്കലും | 49887128 | നിലമ്പൂർ വണ്ടൂർ | പുനർ ദർഘാസ് വിളിച്ചെങ്കിലും (ബിഡ് തുറന്നു, ഒരു ബിഡ് മാത്രമേ ലഭിച്ചുള്ളൂ) |
| 5 | ഇ.ഡി. നിലമ്പൂരിനു കീഴിൽ TURNKEY അടിസ്ഥാനത്തിൽ LT ABC യുടെ വിതരണവും സ്ഥാപിക്കലും | 29939730 | നിലമ്പൂർ | ദർഘാസ് തുറന്നു, സാങ്കേതിക വിലയിരുത്തൽ പുരോഗമിക്കുന്നു. |
| 6 | ഇഡി വണ്ടൂരിന് കീഴിലുള്ള വിവിധ സ്ഥലങ്ങളിൽ എബിസി ടേൺകീ അടിസ്ഥാനത്തിലുള്ള എൽടി ലൈനിന്റെ നിർമ്മാണം, പരിവർത്തനം, പുനഃസംയോജനം. | 23319324 | വണ്ടൂർ | ദർഘാസ് തുറന്നു, സാങ്കേതിക വിലയിരുത്തൽ പുരോഗമിക്കുന്നു. |
| 7 | ഇ.എസ്. തിരുവാലിക്ക് കീഴിൽ എ.ബി.സി. ഉപയോഗിച്ച് തിരുവാലി സബ്സ്റ്റേഷനിൽ നിന്ന് 4 പുതിയ 11 കെ.വി. ഫീഡറുകളുടെ നിർമ്മാണം | 9756718 | വണ്ടൂർ | പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 8 | ഇ.എസ്. തിരുവാലിക്ക് കീഴിലുള്ള 110 കെ.വി. സബ്സ്റ്റേഷനിൽ നിന്ന് വിവിധ ഫീഡർ ഔട്ട്ലെറ്റുകൾക്കായി എച്ച്.ടി. യു.ജി. കേബിളിന്റെ നിർമ്മാണം. | 9059380 | വണ്ടൂർ | പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 9 | തിരുവാലി സബ്സ്റ്റേഷനിൽ നിന്നുള്ള പുതിയ ഫീഡറിന്റെ വിപുലീകരണം വാളൂരിങ്ങലിനും ചെറുകോട്ടും ഇടയിലായി | 4030322 | വണ്ടൂർ | പ്രവൃത്തികൾ പുരോഗമിക്കുന്നു |

മലപ്പുറം സെപ്ഷ്യൽ പാക്കേജ് 24-25 - മഞ്ചേരി

| SL no | Name of the Package | TS Amount | Current Status |
|---|---|---|---|
| 1 | Malappuram Package No.01 - Development of Distribution Infrastructure on Turnkey Basis under Dyuthi Special Scheme for Capacity Enhancement of Transformers at various locations under ElectricalCircle, Manjeri | 76901314.81 | Techinal bid Opened & PQ Meeting held on 05.01.2026 (Date Corrigendum - 1 time) |
| 2 | Malappuram Package No.02 - Development of Distribution Infrastructure on Turnkey Basis under Dyuthi Special Scheme for Supply and Installation of Distribution Transformers (100 kVA & 160 kVA) at various locations under Electrical Circle, Manjeri | 111411261.6 | Techinal bid Opened & PQ Meeting held on 05.01.2026 (Date Corrigendum - 1 time) |
| 3 | Malappuram Package No. 3 – Supply and Construction of 11 kV Lines using HT ABC for the Development of Distribution Infrastructure on a Turnkey Basis under the Dyuthi Special Scheme at Various Locations under the Electrical Circle, Manjeri | 115028856 | Techinal bid Opened & the PQ Meeting held on 22.01.2026. (Date Corrigendum - 4 times) |
| 4 | Malappuram Package No. 4 – Supply and Construction of 11 kV Lines using HT ABC, along with Supply and Installation of Distribution Transformers for the Development of Distribution Infrastructure on a Turnkey Basis under the Dyuthi Special Scheme at Various Locations under the Electrical Circle, Manjeri | 246750880 | Re-Tendered due to single bid |
| 5 | Malappuram Package No. 5 – Supply and Construction of 11 kV line using 3x300 sq.mm UG cable for the Development of Distribution Infrastructure on a Turnkey Basis under the Dyuthi Special Scheme at Various Locations under the Electrical Circle, Manjeri | 121848212 | Techinal bid Opened & the PQ Meeting held on 22.01.2026. (Date Corrigendum - 2 times) |
| 6 | Malappuram Package No. 6 – Supply and Construction of 11 kV Lines using Covered conductor Raccoon for the Development of Distribution Infrastructure on a Turnkey Basis under the Dyuthi Special Scheme at Various Locations under the Electrical Circle, Manjeri | 57248778 | Re-Tendered due to single bid |

| | | | |
|---|---|---|---|
| Total | | 729189302.4 | |

മലപ്പുറം സെപ്ഷ്യൽ പാക്കേജ് 24-25 - തിരൂർ

പാക്കേജ് 1 - നിലവിലെ ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ - 10.11 കോടി

പാക്കേജ് 2 - AB കേബിൾ ഉപയോഗിച്ചുള്ള LT റീകണ്ടക്റ്ററിങ് - 43.48 കോടി